**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മാനസിക സമ്മർദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ. ടി. അടക്കമുള്ള നിരവധി മേഖലകളിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഐ.ടി അടക്കമുള്ള നിരവധി മേഖലകളിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികളൊന്നും തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ പീഢനങ്ങൾ സംബന്ധിച്ച പരാതികളിലും തൊഴിൽ വകുപ്പ് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഐ. ടി. മേഖലയിലടക്കമുള്ള തൊഴിൽ മേഖലകളിൽ നടക്കുന്നതായി തൊഴിൽ ചൂഷണം നേരിടാൻ എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്നും അതെല്ലാം പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി മേഖലയ്ക്കും ബാധകമാണ്. സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ്സ് (സ്റ്റാന്റിംഗ് ഓർഡർ) ആക്ട് 1946, ഈക്വൽ റെമ്യൂനറേഷൻ ആക്ട് 1976, ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ട് 1986, കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979, കേരള കാഷ്വൽ ടെമ്പററി ആന്റ് ബദലി വർക്കേഴ്സ് (വേജസ്) ആക്ട് 1989, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് |

(നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പെയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്ട് 1971, കേരള പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് 1972, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1996, കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ്) ആക്ട് 1966, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996, പ്ലാന്റേഷൻസ് ലേബർ ആക്ട് 1951, സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1976, ട്രേഡ് യൂണിയൻസ് ആക്ട് 1976, വർക്കിംഗ് ജേർണലിസ്റ്റ്സ് ആന്റ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1995, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923 എന്നിവയാണ്.

ഐ.ടി മേഖലയുടെ വളർച്ചയും സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും ഐ.ടി മേഖലയ്ക്ക് Kerala Shops & Commercial Establishment Act നിയമത്തിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. 16.04.2002 ലെ G.O (P) No. 20/2002/LBR ഉത്തരവ് പ്രകാരം ഐ.ടി മേഖലയെ Kerala Shops & Commercial Establishment Act 1960 നിയമത്തിലെ 6 (Daily and weekly hours), 9 (spread over), 10 (opening and closing hours), 11 (closing of shops and grant of weekly holidays) 20 (prohibition of employment of women and persons below 17 years of age) വകുപ്പുകളിൽ നിന്ന് താഴെ കൊടുത്ത നിബന്ധനകൾക്ക് വിധേയമായി ഇളവുനൽകിയിട്ടുണ്ട്. പ്രസ്തുത ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും അധിക ജോലിയ്ക്ക് അധിക വേതനം, കൂടാതെ ഓരോ 4 മണിക്കൂർ ഇടവേളകളിലും 1 മണിക്കൂർ വിശ്രമം തൊഴിലുടമ തൊഴിലാളികൾക്ക് അനുവദിക്കേണ്ടതാണ്.

- രാത്രികാലങ്ങളിൽ (9 PM to 6 AM) ജോലി ചെയ്യുന്ന സ്ത്രീജീവനക്കാരുടെ സുരക്ഷിതത്വത്തിനായി പ്രത്യേക സംവിധാനം തൊഴിലുടമ ഏർപ്പെടുത്തേണ്ടതാണ്.
- രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി 9 മണിക്കും

| | | | |
|---|---|---|---|
| | | | രാവിലെ 6 മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് 5 പേരടങ്ങുന്ന ഗ്രൂപ്പായി മാത്രമേ നിയോഗിക്കാവൂ, അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണം.<br>• സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.<br>• രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് താമസസ്ഥലം മുതൽ ജോലി സ്ഥലം വരെയും തിരിച്ചും വാഹനസൗകര്യം തൊഴിലുടമ നൽകേണ്ടതാണ്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി മേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓരോ തൊഴിൽ നിയമവും നൽകുന്ന സംരക്ഷണം ലഭിക്കുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും അത്തരം ചൂഷണങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമലംഘനങ്ങൾക്കെതിരായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ